# മാവേലിക്ക് പ്രീപെയ്ഡ് ടാക്സി

ഡോ. ഡി. ബാബു പോൾ

തിരുവിതാംകൂർ മഹാരാജ്യത്തിന്റെ വടക്കെ അതിർത്തി കുറിച്ചിരുന്ന താലൂക്കുകളിൽ ഒന്നായിരുന്നു കുന്നത്തുനാട്. ഏറ്റവും വടക്ക് എന്ന് സർക്കാർ ഗണിച്ചിരുന്നത് പറവൂർ ആയിരുന്നു. അക്ഷാംശവും രേഖാംശവും ഗണിച്ചാൽ വടക്കൻ പറവൂർ പെരുമ്പാവൂരിനെക്കാൾ വടക്കായിരുന്നിരിക്കാം.

ഇനി യാത്രാസൗകര്യം കൊണ്ട് അങ്ങനെ ഒരു പെരുമ പറവൂർകാർക്ക് കിട്ടിയതുമാവാം. രാജപ്രതിനിധിയായി ആഴ്‌വാഞ്ചേരി തമ്പ്രാക്കളെ കൊട്ടാരത്തിലെയോ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെയോ ചടങ്ങുകൾക്ക് മുഖദാവിൽ ക്ഷണിക്കുകയും യാത്രയ്ക്കുള്ള ഏർപ്പാടുകൾ ചെയ്യുകയും യാത്രാവേളയിൽ ആതവനാട് മുതൽ പറവൂർ താലൂക്കിന്റെ തെക്കെ അതിരുവരെ അനുയാത്ര ചെയ്യുകയും വേണം പറവൂർ തഹശീൽദാർ.

ഒരു ആഴ്‌വാഞ്ചേരി തമ്പ്രാക്കളെ അങ്ങനെ സാദരം 'കൈകാര്യം ചെയ്ത' അവസാനത്തെ പറവൂർ തഹശീൽദാർ പിൽക്കാലത്ത് ഭാരതത്തിന്റെ ഡെപ്യൂട്ടി ചീഫ് ഇലക്ഷണർ പദവി വരെ ഉയർന്ന ഒരു ടി.സി.എസ്. ഉദ്യോഗസ്ഥനായിരുന്നു. പേര് പി.ഐ.ജേക്കബ്. ഇന്ന് ഇന്ത്യയൊട്ടാകെ വായിക്കപ്പെടുന്ന ഇലക്ഷൻ മാനുവൽ ജേക്കബ് സാർ കേരളത്തിലെ ആദ്യത്തെ സി.ഇ.ഒ. ആയിരുന്ന കാലത്ത് സംസ്ഥാനത്തെ ആവശ്യത്തിന് വേണ്ടി നിർമ്മിച്ചതാണ്. കളക്ടറോ ഭരണാധികാരിയോ ഒക്കെ ആയി പ്രവർത്തിച്ചിട്ടുള്ളവർക്കറിയാം ആ കൃതിയുടെ മഹത്വം. ഒരു പേജ് വായിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉദിക്കുന്ന സംശയത്തിനുള്ള മറുപടി അടുത്ത പേജിൽ ഉണ്ടാവും. ജേക്കബ് ചീഫ് ഇലക്ഷൻ കമ്മീഷണർ ആവും എന്ന് ഏതാണ്ട് ഉറച്ചിരുന്ന നേരത്താണ് മൊറാർജി പ്രധാനമന്ത്രി ആയതും ജേക്കബിന് യഥാസമയം അടുത്തൂൺ പറ്റി മടങ്ങേണ്ടി വന്നതും.

ഇതൊക്കെ ഓരോ നിയോഗമാണ്. മിസിസ് പി.ഐ.ജേക്കബ് അന്തരിച്ചതും ഏതാണ്ട് അതേ കാലത്താണ്. സമാനമായിരുന്നു എന്റെ അനുഭവവും. ചീഫ് സെക്രട്ടറിയുടെ പദവി 1996ൽ കിട്ടി, അഞ്ചുകൊല്ലം ശമ്പളവും പത്രാസും കിട്ടി, ഇപ്പോൾ അതിന്റെ പെൻഷനും ഉണ്ട്, കസേര മാത്രം തന്നില്ല. അന്നത്തെ മലേകാവ് കരിയറിന്റെ പൂർണത എനിക്ക് തരാതിരിക്കാൻ താണുപിള്ള സാറിനെ ഗവർണറാക്കിയത് പോലെ എന്നെ ഓംബുഡ്സ്മാൻ ആയി നടതള്ളിയത് 2000 മെയ് 30ന്; മുപ്പത്തിയഞ്ച് വർഷം കൂടെ ജീവിച്ച സ്ത്രീ അരങ്ങൊഴിഞ്ഞ് യാത്രയായത് ജൂൺ 6ന്. നീചഭംഗരാജയോഗം ഒക്കെ ഉണ്ടായിരുന്നെങ്കിലും ശനി ശനി തന്നെ. ശനിദശയിലെ കുജാപഹാരകാലത്ത് സംഭവിക്കേണ്ടത് സംഭവിക്കാതെ വയ്യ. യന്മമാസ്സു തദസ്സുമേ എന്ന് വിശ്വസിക്കുക. വ്യസനാനന്തരം സൗഖ്യം സ്വല്പമപ്യധികം ഭവേത് എന്ന് ആശ്വസിക്കുക. ശനി എത്ര നീചനായാലും ബുധൻ പിറകെ വരാതെ വയ്യല്ലോ.

കുന്നത്തുനാട്ടിലേക്ക് മടങ്ങാം. അവിടെ ഓണം ഉത്സവമായിരുന്നു. ആ ഉത്സവം മതാതീതമായിരുന്നു. സഹസ്രാബ്ദത്തിലേറെയായി തമിഴ്നാട്ടിലെ വൈഷ്ണവർ ആചരിക്കുന്ന വാമനജയന്തി തൃക്കാക്കരയിൽ നിന്ന് അകലെയല്ലാത്ത പെരുമ്പാവൂരിൽ ഒരിക്കലും പ്രധാനമായിരുന്നില്ല. അതേസമയം ആ വൈഷ്ണവാധിനിവേശത്തിന്റെ ഫലം തൂശനിലയിൽ പ്രതിഫലിച്ചുവന്നുതാനും. അസുരചക്രവർത്തിയായ മാവേലിയെ കൊണ്ടാടുന്ന നാളിൽ അടിയാളരായ ദളിതരും അഞ്ചാംവേദക്കാരായ ക്രിസ്ത്യാനികളും (അവിടെ മുസ്ലിമുകൾ കുറവായിരുന്നു. രായമംഗലം പഞ്ചായത്തിൽ ഒരു കുടുംബം പോലും ഉണ്ടായിരുന്നില്ല) ഓണസദ്യയിൽ മത്സ്യമാംസാദികൾ നിഷിദ്ധമാക്കിയതിന് മറ്റൊരു ന്യായം ചരിത്രവിദ്യാർഥികൾക്കില്ല.

ടിപ്പുവിന്റെ പടയോട്ടകാലത്ത് നിലമ്പൂരിൽ നിന്ന് പലായനം ചെയ്യുകയും പുതിയ നാട്ടിൽ മതപരിവർത്തനം നടത്തുകയും ചെയ്ത മരങ്ങാട്ട് കുടുംബത്തിലേതായിരുന്നു എന്റെ പിതാമഹി. മറ്റേമ്മയുടെ സഹോദരനാണ് ഓണക്കോടി തരുന്ന കാരണവർ. ഉത്രാടനാൾ സന്ധ്യനമസ്കാരം തറവാട്ടിലാണ്. വൈദികൻ എന്ന നിലയിൽ അച്ഛനായിരുന്നു പ്രാർഥന നയിച്ചുവന്നത്. എങ്കിലും കോടി തരുന്നത് അച്ഛന്റെ അമ്മാവൻ ആയിരുന്നു. ഒരു കേമ്പിരിമുണ്ടോ ഒരു നിക്കറിനുള്ള തുണിയോ ആയിരുന്നു കോടി.

ഓണനാൾ പൂവിടും. വയൽവരമ്പുകളിലും മലഞ്ചെരിവുകളിലും കിട്ടുന്നതൊക്കെ പറിക്കും ഞങ്ങൾ കുറെ കൂട്ടുകാർ. ഏതെങ്കിലും ഒന്നോ രണ്ടോ വീടുകളിൽ കേന്ദ്രീകരിച്ചാണ് പൂക്കളം. ഒന്ന് ഞങ്ങളുടെ വീട് തന്നെ. കൊച്ചിട്ടിച്ചോവന്റെയും ആശാരി ശങ്കരന്റെയും എന്റെ അച്ഛന്റെ ബാല്യകാലസുഹൃത്തായിരുന്ന പള്ളിപ്പുലയന്റെയും മക്കൾക്ക് രാമയ്യർസ്വാമിയുടെ മകൻ രഘുപതിയോടും നാരായണപിള്ളസാറിന്റെ മകൻ കേശവൻനായരോടും നാട്ടിലെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ മകൻ ബാബുപോളിനോടും തട്ടുകട കുട്ടൻപിള്ളയുടെ മകൻ വാസുവിനോടും ഒപ്പം പൂവിടാനും ഊഞ്ഞാലാടാനും എല്ലാ വീടുകളിലും സൗകര്യം അനുവദിച്ചിരുന്നില്ല അമ്പതുകളുടെ ആദ്യപാതിയിൽ. ആരെയും കുറ്റം പറയണ്ട. ക്ഷേത്രപ്രവേശന വിളംബരത്തിന് ശേഷം ജനിച്ചവർ ഊനവിംശതി വയസ്സരായിരുന്നു അന്ന്. സത്യത്തിൽ ഈ ജാതിചിന്തയും വ്യതിരേകഭാവവും മാറിയത് ഭൂപരിഷ്കരണത്തോടെയാണ്. ഭൂപരിഷ്കരണം കൊണ്ട് ഭക്ഷ്യോല്പാദനം വർദ്ധിച്ചില്ലെങ്കിലും 'തമ്പ്രാനെന്ന് വിളിക്കൂല, പാളേക്കഞ്ഞി കുടിക്കൂല' എന്ന് ധൈര്യമായി വിളിച്ചുപറയാൻ പോന്ന ധൈര്യം സബാൾട്ടേൺ കീഴാള വിഭാഗങ്ങൾക്ക് കിട്ടി. അതിനൊക്കെ മുൻപുള്ള കഥയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ഇക്കാലത്തെപ്പോലെ ക്ലബ്ബുകളിലെ ഓണസദ്യ അക്കാലത്തില്ല. കാണുന്നവരോടൊക്കെ 'നിനക്ക് ഞാൻ വച്ചിട്ടുണ്ട്' എന്ന് ആത്മഗതമായും 'ഹാപ്പി ഒനാം' എന്ന് പ്രകാശമായും പറയുന്ന കൃത്രിമത്വവും ഉണ്ടായിരുന്നില്ല. ഊണ് അവരവരുടെ വീട്ടിലാണ്. വെയിലാറുമ്പോൾ വീണ്ടും ഒത്തുകൂടും ഊഞ്ഞാലാടാൻ.

(ഇന്നത്തെ) എറണാകുളം ജില്ലയിലെ യഹൂദർ യോം കിപ്പൂർ ആഘോഷിക്കാൻ ഇതരമതസ്ഥരെ ക്ഷണിക്കുമായിരുന്നു. എന്നാൽ ക്രിസ്മസ്, വിഷു, ഈദ് എല്ലാം അതത് സമുദായക്കാർ തന്നെ ആചരിച്ചുവന്നു. ഓണം മാത്രം ആയിരുന്നു മതാതീതമായി ദേശീയോത്സവമായി ആചരിക്കപ്പെട്ടിരിക്കുന്നത്. ഓണത്തെ ഹൈന്ദവമായി എഴുതിത്തള്ളാനും ബഹിഷ്കരിക്കാനും നവസലഫിസ്റ്റുകൾ തുനിയുന്നതും അത് ഹൈന്ദവർക്ക് മാത്രം ഊഞ്ഞാ

ലാടാനുള്ള കാലമാണ് എന്ന് തീവ്രഹിന്ദുത്വവാദികൾ അവകാശപ്പെടുന്നതും കേരളത്തിലെ പൊതുസമൂഹത്തിന് സ്വീകാര്യമാവുമെന്ന് തോന്നുന്നില്ല. അത് വിഭാഗീയത വളർത്താൻ മാത്രമേ ഉപകരിക്കൂ. 'എള്ളോളമില്ല പൊളിവചനം' എന്നതിന് ശേഷം 'തീണ്ടലുമില്ല തൊടീലുമില്ല, വേണ്ടാതനങ്ങൾ മറ്റൊന്നുമില്ല' എന്ന് തുടങ്ങി 'വാമനാദർശം വെടിഞ്ഞിടേണം മാബലി വാഴ്ച വരുത്തിടേണം' എന്നൊരു നീണ്ട കവിത എനിക്ക് വാട്സാപ്പിൽ കിട്ടിയതും വിഭാഗീയതയ്ക്കാണ് വഴിതുറക്കുക. ഓണത്തെ ഇങ്ങനെയൊന്നും മലിനീകരിക്കരുത്.



ഓണത്തെക്കുറിച്ച് ചോദ്യങ്ങൾ പാടില്ലെന്നല്ല. കഴിഞ്ഞ പത്തുകൊല്ലത്തിനിടെ ഞാൻ തന്നെ ചോദിച്ചിട്ടുണ്ട്: മാവേലിയെ മഹാബലി ആക്കിയതാണോ? മഹാബലി കേരളചക്രവർത്തി ആയിരുന്നുവോ? ഭൃഗുരാമസൃഷ്ടിയായ കേരളത്തെ പരശുരാമന് മുൻപ് അവതരിച്ച വാമനൻ ചവിട്ടിത്താഴ്ത്തുന്നതെങ്ങനെ, അത് കാലനിർണയപ്രമാദമല്ലേ, ഷെയ്ക്സ്പിയർ നാടകത്തിൽ ഇലക്ട്രോണിക് ഡിജിറ്റൽ ക്ലോക്ക് വയ്ക്കുമ്പോലെ? ഗർദഭയോനിയിൽ പിറന്ന്, ബാല്യം മുതൽ ബ്രാഹ്മണവിരോധം മുൻവിധിയായി കൊണ്ടുനടന്നവനല്ലേ ബലി? സ്വന്തം പൈതൃകവുമായി അടങ്ങിയിരിക്കാതെ ഭൂമിയെയും സ്വർഗത്തെയും കീഴടക്കിയ സാമ്രാജ്യത്വശക്തിയല്ലേ അസുരചക്രവർത്തിയായിരുന്ന മഹാബലി? പിതാമഹനിൽ നിന്ന് ശാപം ഏറ്റുവാങ്ങാൻ പോന്ന അഹങ്കാരം മഹാബലിയെ അടയാളപ്പെടുത്തിയിരുന്നില്ലേ? ഗുരുവായ ശുക്രാചാര്യന്റെ കല്പന ധിക്കരിച്ച് അപകടത്തിലേക്ക് സ്വയം ചാടിയവനല്ലേ?

ബൗദ്ധികാന്വേഷണത്തിനിടയിൽ ഇതൊക്കെ ചോദിക്കാം. ഓണം കലക്കാനായി പുട്ടുകട തുറക്കരുത്. കിടപ്പറയിൽ രസം മുറുകിവരുമ്പോൾ ഉരിയപ്പെടുന്ന തുണിയുടെ വില അന്വേഷിക്കുന്നവനെ അരസികൻ എന്നാണ് ആചാര്യന്മാർ വിശേഷിപ്പിക്കുന്നത്. ശബ്ദാർഥരസവേളായാം ശബ്ദോത്പത്തിം വദന്തിയേ, നീവി വിസ്രംസിവേളായാം മൂല്യം പൃച്ഛന്തി വാസസഃ എന്ന് പ്രമാണം.

പതിനഞ്ച് വയസ്സിൽ കോളേജിലേക്ക് പോയി. ഓണത്തിന് വീട്ടിൽ വരുമ്പോൾ പഴയതുപോലെ ഓണാഘോഷം ഒന്നും ഉണ്ടായിരുന്നില്ല 'കോളേജിൽ വിട്ടിട്ടു പോന്ന രണ്ട് കണ്ണുകൾ ആയിരുന്നു മനസ്സിലെ ഓണപ്പൂക്കൾ. മുറ്റത്തെ മാവിൻചുവട്ടിൽ ഇരുന്ന് മുട്ടത്തുവർക്കിയുടെ കൃതികൾ വായിക്കുമ്പോൾ ആ കണ്ണുകൾ താളുകളിൽ തെളിയും' എന്ന് പണ്ട് എഴുതിയിട്ടുണ്ട് ഞാൻ.

എങ്കിലും 1960 വരെ ഓണം ഉണ്ടിരുന്നത് വീട്ടിലാണ്. അവധി തുടങ്ങുന്ന നാൾ ആലുവാ എക്സ്പ്രസ്സ് നിറയെ ഞങ്ങൾ എൻജിനീയറിങ്, മെഡിക്കൽ വിദ്യാർഥികളായിരിക്കും. അന്ന് കൊല്ലത്തിനപ്പുറം തീവണ്ടി ഉണ്ടായിരുന്നില്ലല്ലോ. 1960ൽ ഒരു വിദേശയാത്ര, പിറ്റേക്കൊല്ലം കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്, പിന്നെ രണ്ട് ഓണങ്ങൾ ഐ.എ.എസ്. പരീക്ഷയുടെ അങ്കത്താരയിൽ, 1964ൽ മസൂറിയിൽ, പിറ്റേക്കൊല്ലം റേഷൻ കാർഡ് തുടങ്ങുകയായിരുന്നതിനാൽ വില്ലേജ് ഓഫീസർ ആയിരുന്ന അസിസ്റ്റന്റ് കളക്ടർക്ക് അവധിയില്ല. പിന്നെ വിവാഹമായി. വിവാഹം കഴിഞ്ഞാൽ ഊണിന്റെയും ഉറക്കത്തിന്റെയും പതിവുകൾ മാറുമല്ലോ.

സർക്കാർ ഓണാഘോഷം തുടങ്ങിയത് 1960ലെ പട്ടം മന്ത്രിസഭയുടെ കാലത്താണ്. ദിവംഗതനായ ദാമോദരൻ പോറ്റി ആയിരുന്നു ടൂറിസം മന്ത്രി. 1989ന് മുൻപ് ടൂറിസത്തിന്റെ നിർവചനം വേറെ ആയിരുന്നു. എങ്കിലും പോറ്റിയദ്ദേഹത്തിന്റെ പ്രേരണയിൽ ഓണം ദേശീയോത്സവമായി പ്രഖ്യാപിച്ചു പട്ടം താണുപിള്ള. സർക്കാറിന്റെ ഓണാഘോഷം പോറ്റിയുടെ രാജിയോടെ തീർന്നു.

അന്ന് പോയ മാവേലി വക്കത്താണ് ഒളിച്ചിരുന്നത്. 1980ൽ വക്കം പുരുഷോത്തമൻ ടൂറിസംമന്ത്രി ആയപ്പോൾ ഓണം വീണ്ടും സർക്കാർ ഏറ്റെടുത്തു. പിന്നെ മുടങ്ങിയിട്ടില്ലെങ്കിലും മാതാപിതാക്കൾ ജീവിച്ചിരുന്ന കാലത്തോളം ഓണത്തിന് നാട്ടിൽ പോവുകയായിരുന്നു പതിവ്.

1989ൽ ഞാൻ ടൂറിസത്തിന് വേണ്ടി പ്രത്യേകം നിയമിക്കപ്പെട്ട ആദ്യത്തെ സെക്രട്ടറി ആയി. ആധുനിക കേരള ടൂറിസത്തിന്റെ പിതാവ് എന്ന് വാഴ്ത്തപ്പെടേണ്ട പി.എസ്. ശ്രീനിവാസൻ ആയിരുന്നു മന്ത്രി.

വീട്ടിൽ പോകാൻ കഴിയുമായിരുന്നില്ല പിന്നെ. പോരെങ്കിൽ മാതാപിതാക്കൾ മരിച്ചതോടെ പോകാൻ വീടും ഇല്ലാതായി. 1999ൽ ആണ് ഈ വീട്ടിൽ അവസാനം ഓണസദ്യ നടന്നത്. കൊച്ചമ്മ മരിച്ചപ്പോൾ കിച്ചൻ അടച്ചതാണ്. എന്നുവച്ച് എനിക്ക് സദ്യ മുടങ്ങിയിട്ടുമില്ല. എന്റെ ഓണം ഒട്ട് കെട്ടിട്ടുമില്ല. ഈ വീട്ടിൽ സദ്യയും പൂക്കളവും ഒന്നും ഇല്ല എന്നുമാത്രം.

1989ലെ ഓണക്കാലത്ത് അസാരം പൂവാലശല്യം ഉണ്ടായി. അതുകൊണ്ട് പിറ്റേക്കൊല്ലം 'പൂവാലന്മാർ ശ്രദ്ധിക്കുക, കാമറ ഉണ്ട്, കുടുങ്ങും' എന്ന് ഒരു നമ്പർ ഇറക്കി. ഇപ്പോൾ ഡി.ജി.പി. റാങ്കിൽ വനവാസം ചെയ്യുന്ന ലോകനാഥ് ബെഹറ അന്ന് സിറ്റിയിലെ ഡെപ്യൂട്ടി കമ്മീഷണർ. ഒരു ആലോചനായോഗത്തിൽ ഇങ്ങനെ ചെയ്യാമെന്ന് ഞാൻ പറഞ്ഞപ്പോൾ ഉലകനാഥൻ പറഞ്ഞു 'സാർ കാമറ ഓർഡറായിട്ടേ ഉള്ളൂ; ഓണത്തിന് കിട്ടുകയില്ല'. അക്കാര്യം പുറത്തുപറയണ്ട എന്ന് ഞങ്ങൾ തീരുമാനിച്ചു. അന്ന് ഈ രഹസ്യം അറിയാമായിരുന്ന ഒരേയൊരു പത്രക്കാരൻ ഇപ്പോൾ പത്രപ്രവർത്തക കുടുംബത്തിൽ കാരണവന്മാരുടെ നിലയിൽ എത്തിയിരിക്കുന്ന ജോൺ മുണ്ടക്കയം ആയിരുന്നു. മേലധികാരികളിൽ അറിയിക്കേണ്ടവരെ ബെഹറ അറിയിച്ചുകാണും. മന്ത്രി ശ്രീനിവാസൻ ഈ തന്ത്രം കേട്ട് അനുകരണീയമായ ആ മൊണാലിസാപുഞ്ചിരി മുഖത്ത് സ്ഥാപിച്ചു. ഏതായാലും സംഗതി ഫലിച്ചു; അക്കൊല്ലം പൂവാലശല്യം കുത്തനെ കുറഞ്ഞു.

കൂടെ പറയട്ടെ, ഈ ബെഹറയും ഞാനും ആണ് കേരളത്തിൽ ആദ്യമായി പ്രീപെയ്ഡ് ടാക്സി സമ്പ്രദായം കൊണ്ടുവന്നത്. അത് വിമാനത്താവളത്തിൽ ആയിരുന്നു. തൊണ്ണൂറുകളുടെ തുടക്കം. അന്ന് മൂന്ന് യൂണിയനുകളുണ്ട് എയർപോർട്ട് ടാക്സിക്കാർക്ക്. അവർ മൂന്നു കൂട്ടർ തമ്മിൽ കേസുകൾ മുപ്പതോളം. മറ്റുള്ളവർ വരരുത് എന്നതൊഴിച്ചാൽ ഒരു കാര്യത്തിലും ഐക്യമില്ല. അന്ന് തിരുവനന്തപുരത്ത് മാത്രമാണ് അന്താരാഷ്ട്ര സർവീസുകൾ. ഒരാൾക്ക് മലപ്പുറം കിട്ടിയാൽ മറ്റൊരാളുടെ ഊഴം മണക്കാട് ആയിരിക്കും.

ഇങ്ങനെയൊക്കെ ഒരുപാട് പ്രശ്നങ്ങൾ. ബാങ്കോക്കിൽ ഞാൻ കണ്ട പ്രീപെയ്ഡ് ഇവിടെ നടപ്പാക്കുക സുകരമല്ല എന്ന് ആദ്യവട്ടം ചർച്ചയിൽ തന്നെ തെളിഞ്ഞു. എന്നിട്ടും ഞങ്ങൾ മടുത്തില്ല, ബെഹറയും ജയകുമാറും ഞാനും ടാക്സിക്കാരും.

നെടുനാളത്തെ ചർച്ചകൾക്കൊടുവിൽ ഫോർമുലകളും ധാരണകളും ഉരുത്തിരിഞ്ഞു. ഇന്നും ആഭ്യന്തരടെർമിനലിലെ ഡ്രൈവർമാർ എന്നെക്കണ്ടാൽ ഓടിവരും. നിറഞ്ഞ ചിരിയുമായി. കാർ വന്നിട്ടുണ്ടോ സാർ? ഞങ്ങൾ കൊണ്ടുവിടണമോ സാർ? ആ ടാക്സിക്കാരുടെ സ്നേഹം കാലഹരണപ്പെട്ട ഐ.എ.എസ്. കാരന് കാലം നൽകുന്ന പൂച്ചെണ്ടാണ്. മലകോവുമാർക്ക് കസേരകൾ തെറിപ്പിക്കാനാകും; ഈ പൂച്ചെണ്ടുകൾ തട്ടിപ്പറിക്കാനാവുകയില്ല. ഓർത്താൽ ഓണത്തിന്റെ പാഠവും അതല്ലേ? സിംഹാസനത്തിൽ നിന്ന് മാവേലിയെ സ്ഥാനഭ്രഷ്ടനാക്കാം.

ജനഹൃദയങ്ങളിലെ സ്നേഹം ഒരു വാമനനും തുടച്ചുനീക്കാനാവുകയില്ല.

ശുഭം